HLM-0156

The Heavenly Light Ministry

യാക്കോബിൻ ദൈവം ഇന്നും നമ്മുക്കുള്ളവൻ നമ്മെ
ജീവ പര്യന്തം കാത്തീടുമേ
ഓരോ ദിവസവും കൃപ നൽകി നമ്മെ
ഇമ്മാനുവേലവൻ താൻ നടത്തീടുമേ

ഹല്ലേലൂയ്യാ ! അവൻ ആത്മരക്ഷകൻ
ഹല്ലേലൂയ്യാ ! അവൻ സൌഖ്യദായകൻ
ഹല്ലേലൂയ്യാ ! ശുദ്ധാത്മനായകൻ നമ്മെ
നിത്യതയ്ക്കായ് ഒരുക്കീടുമേ

ആഴിയിൽ നാം കടന്നു പോയിടിലും
അതു നമ്മെ കവിഞ്ഞിടാതെ കാത്തീടുമേ
തീയിൽ നാം ആയാലും ജ്വാല നമ്മെ തെല്ലും
ഏശാതിമ്മാനുവേൽ തൻ നടത്തിടുമേ ... ഹല്ലേലൂയ്യാ

സാക്ഷാൽ രോഗങ്ങൾ അവൻ വഹിച്ചതിനാൽ
എല്ലാ വേദനയും അവൻ ചുമന്നതിനാൽ
അടിപ്പിണരാൽ അവൻ സൗഖ്യമാക്കി ഇന്നും
ഇമ്മാനുവേലവൻ തൻ നടത്തിടുമേ ... ഹല്ലേലൂയ്യ

സീയോൻ പ്രയാണികളെ ആനന്ദിപ്പീൻ എല്ലാ
ദുഃഖവും നെടുവീർപ്പും ഓടീടുമേ
നിത്യാനന്ദം നമ്മിൽ പകർന്നു നമ്മെ ഇന്നും
ഇമ്മാനുവേലവൻ തൻ നടത്തിടുമേ ... ഹല്ലേലൂയ്യാ

ജയശാലിയായവൻ വന്നീടുമേ എല്ലാ
പ്രതിഫലവും അവൻ തന്നീടുമേ
ആത്മാവിനാൽ അതിനായ് ഒരുക്കി നമ്മെ എന്നും
ഇമ്മാനുവേലവൻ തൻ നടത്തിടുമേ ... ഹല്ലേലൂയ്യാ